**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 43 27-02-2017 ൽ മറുപടിക്ക്**

## മന്ത്രിസഭാ തീരുമാനങ്ങൾ

| **ചോദ്യം**<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. സണ്ണി ജോസഫ് | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) മന്ത്രിസഭാ തീരുമാനങ്ങൾ 48 മണിക്കൂറുനുള്ളിൽ നടപ്പാക്കി ഉത്തരവിറക്കണമെന്ന ചീഫ് സെക്രട്ടറിയുടെ ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;<br><br>(ബി) 2016 മെയ് 25 മുതൽ ഡിസംബർ 31 വരെ ചേർന്ന മന്ത്രിസഭാ യോഗങ്ങളുടെ തീരുമാനങ്ങളിൽ ഇനി എത്ര എണ്ണം നടപ്പിലാക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത തീരുമാനങ്ങൾ സംബന്ധിച്ച ഉത്തരവ് 48 മണിക്കൂറിനുള്ളിൽ പുറത്തിറക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) (ബി) & (സി) മന്ത്രിസഭായോഗ തീരുമാനത്തിൻമേലുള്ള ഉത്തരവ് തീരുമാനം ലഭിച്ച് 48 മണിക്കൂറിനകം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ചീഫ് സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി ആവശ്യമുള്ള തീരുമാനങ്ങളിൻമേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. 25-05-2016 മുതൽ 28-12-2016 വരെ നടന്ന 33 മന്ത്രിസഭായോഗങ്ങളിലായി ആകെ 599 ഇനങ്ങൾ പരിഗണനയ്ക്കായി വന്നിരുന്നു. അതിൽ 3 എണ്ണം മാറ്റി വയ്ക്കുകയും 6 എണ്ണം പിൻവലിക്കുകയും ചെയ്തിരുന്നു ശേഷിക്കുന്ന 590 ഇനങ്ങളിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അതിൽ രണ്ടെണ്ണം അംഗീകരിക്കേണ്ടതില്ലെന്നും 11 എണ്ണം ഒന്നുകൂടി പരിശോധിച്ച് സമർപ്പിക്കാൻ തീരുമാനിച്ചതും 19 ഇനങ്ങളിൽ തീരുമാനം ഉത്തരവായി പുറപ്പെടുവിക്കേണ്ടാത്തതുമാണ്. ബാക്കിയുള്ള 558 തീരുമാനങ്ങളിൽ 535 എണ്ണത്തിൽ ഉത്തരവ്/വിജ്ഞാപനം/ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ അവശേഷിക്കുന്നത് 23 തീരുമാനങ്ങളാണ് |
| ഡി) മന്ത്രിസഭാ തീരുമാനം വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കണമെന്ന സംസ്ഥാന മുഖ്യവിവരാവകാശ കമ്മീഷണറുടെ ഉത്തരവിനെതിരെ സർക്കാർ ഹൈക്കോടതിയിൽ നൽകിയ ഹർജി പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) കഴിഞ്ഞ മന്ത്രിസഭയുടെ കാലത്തെ 4 മാസ കാലയളവിലെ മന്ത്രിസഭയിലെടുക്കുന്ന തീരുമാനങ്ങളുടെയും അജൻഡയുടെയും പകർപ്പുകൾ ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച ഒരു അപേക്ഷയിൻമേൽ ആയത് അതാത് വിഷയം കൈകാര്യം ചെയ്യുന്ന വകുപ്പുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് മാത്രമേ അവയിലെ നടപടിക്രമം പൂർത്തീകരിച്ച ശേഷം നൽകാൻ കഴിയുകയുള്ളൂ എന്ന മറുപടി |

നൽകിയിരുന്നു. പ്രസ്തുത അപേക്ഷയിലെ രണ്ടാം അപ്പീലിൻമേൽ അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾക്ക് നടപടി പൂർത്തിയായതും പൂർത്തിയാകാത്തതുമായ മന്ത്രിസഭാ തീരുമാനങ്ങൾ വേർതിരിച്ച് അപേക്ഷകന് നൽകണമെന്ന് മുഖ്യ വിവരാവകാശ കമ്മീഷണർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ വിഷയം കൈകാര്യം ചെയ്യുന്ന വകുപ്പുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കുമാത്രമേ, വിവരാവകാശ നിയമം അനുശാസിക്കുന്ന പോലെ അവയിലെ നടപടി ക്രമം പൂർത്തീകരിച്ച ശേഷം നൽകാൻ കഴിയുകയുള്ളൂ എന്നും പ്രസ്തുത തീരുമാനങ്ങളുടെ നടപടി പൂർത്തിയായി കഴിഞ്ഞുവോ എന്ന വിവരം വിവിധ വകുപ്പുകളിൽ നിന്നും ശേഖരിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടും ചൂണ്ടിക്കാട്ടിയാണ് സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. ഹർജി പിൻവലിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ